# ANJAPPAM CHARITABLE TRUST

T. B. Junction, Kozhencherry,
Pathanamthitta, Kerala 689 502

**A CHARITABLE TRUST TO FEED & TO SERVE SINCE 2016**

ANJAPPAM
where everyone matters




AYVA 2022
Honouring Light & Love

## ANJAPPAM YOUNG VOLUNTEER AWARD

## AYVA 2022

അന്നവും അക്ഷരവും  ആദരവോടെ പങ്കിടുക എന്ന ലക്ഷ്യത്തോടെ 2016 ഒക്ടോബറിൽ പത്തനംതിട്ട ജില്ലയിൽ കോഴഞ്ചേരിയിൽ ആരംഭിച്ച  സാമൂഹ്യ കരുതൽ സംരംഭമാണ് അഞ്ചപ്പം. എല്ലാവരും ഒരുപോലെ വിലമതിക്കപ്പെടുന്ന ഒരിടമായി നമ്മുടെ പരിസരങ്ങളെ രൂപപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ അഞ്ചപ്പം എന്ന സ്നേഹക്കൂട്ട് വിഭാവനം ചെയ്തത് ഫാ.ബോബി ജോസ് കട്ടിക്കാടാണ്. അഞ്ചപ്പം ചാരിറ്റബൾ ട്രസ്റ്റാണ് ഇതിന്റെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നത്.

ഭക്ഷണശാലയായും, സാംസ്കാരിക കേന്ദ്രമായും, കരുതലിടമായും പ്രവർത്തിക്കുന്ന അഞ്ചപ്പം 2022 ഒക്ടോബറിൽ ഏഴാം വർഷത്തിലേക്ക് പ്രവേശിച്ചു. അഞ്ചപ്പത്തെ യാഥാർത്ഥ്യം ആക്കുന്നതിൽ ഏറെപ്പേരുടെ സന്നദ്ധ സേവനപ്രവർത്തനങ്ങളും സാമ്പത്തിക സഹായങ്ങളും ലഭിച്ചിട്ടുണ്ട്. നാമൊരുമിച്ച് കൈകോർത്താൽ, ഉള്ളതിൽ അല്പം പങ്കിട്ടാൽ, പരിചിതപരിസരങ്ങളിൽ ആരും വിശന്നിരിക്കരുതെന്ന സ്വപ്നം യാഥാർത്ഥ്യമാക്കാമെന്ന് അഞ്ചപ്പം അനുഭവങ്ങൾ തെളിയിക്കുന്നു.

# അഞ്ചപ്പം

അന്നവും അക്ഷരവും ആദരവോടെ

അഞ്ചപ്പം ചാരിറ്റബൾ ട്രസ്റ്റ്, പുതുതലമുറയുടെ നന്മകളെ ആദരിക്കുവാനും പ്രോത്സാഹിപ്പിക്കുവാനുമായി Anjappam Young Volunteer Award (AYVA) എന്ന പേരിലൊരു അവാർഡ് ഏർപ്പെടുത്തുകയാണ്. സന്നദ്ധ പ്രവർത്തനങ്ങളിൽ (volunteering) ഏർപ്പെട്ടിരിക്കുന്ന വിദ്യാർത്ഥികളെയും യുവജനങ്ങളെയും, അവർക്ക് അതിനുള്ള മികച്ച അവസരങ്ങൾ ഒരുക്കുന്ന വിദ്യാഭ്യാസസ്ഥാപനങ്ങളേയും പ്രോത്സാഹിപ്പിക്കുകയും, അംഗീകരിക്കുകയും, ആദരിക്കുകയും ചെയ്യുക എന്നതാണ് അവാർഡിന്റെ ഉദ്ദേശ്യം. സന്നദ്ധപ്രവർത്തനം പുതുതലമുറയ്ക്ക് ഒരു ജീവിതശൈലിയായി രൂപപ്പെടുന്നതിന് ഈ അവാർഡ് പ്രചോദനമായി നിലകൊള്ളുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു.

AYVA അവാർഡ് ആറു വിഭാഗങ്ങൾക്കാണ് നല്കുന്നത്. നാല് വ്യക്തിഗത അവാർഡും, സ്ഥാപനങ്ങൾക്കുള്ള രണ്ട് അവാർഡും. 2021– 2022 അധ്യയനവർഷത്തിൽ ചെയ്ത സന്നദ്ധ പ്രവർത്തനങ്ങളെയാണ് അവാർഡിനായി പരിഗണിക്കുന്നത്.

<u>വ്യക്തിഗതം:</u>

1. ഹൈസ്കൂൾ വിഭാഗം (8–10)
2. ഹയർ സെക്കണ്ടറി വിഭാഗം (പ്ലസ് വൺ, പ്ലസ് ടു)
3. കോളേജ് (ബിരുദം, ബിരുദാനന്തര ബിരുദം)
4. യുവജനങ്ങൾ (സ്കൂൾ/കോളേജ് പഠനാനന്തരം മറ്റു പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന 13 മുതൽ 25 വയസ് വരെ പ്രായമുള്ള യുവജനങ്ങൾ)

<u>സ്ഥാപനം:</u>

1._മികച്ച സ്കൂൾ
2. മികച്ച കോളേജ്

**അപേക്ഷകൾ നല്കാൻ താല്പര്യപ്പെടുന്ന വ്യക്തികളും സ്ഥാപനങ്ങളും മേൽ സൂചിപ്പിച്ച കാലയളവിൽ ചെയ്ത സന്നദ്ധ പ്രവർത്തനങ്ങളെ വിശദീകരിക്കുന്ന റിപ്പോർട്ടും സാക്ഷ്യപത്രങ്ങളും സഹിതം ചുവടെ ചേർത്തിരിക്കുന്ന google form ലിങ്കിലൂടെ 2022 ഡിസംബർ 10ന് മുമ്പായി അപേക്ഷിക്കുക.**

# ANJAPPAM YOUNG VOLUNTEER AWARD

## AYVA 2022

അഞ്ചപ്പം

അന്നവും അക്ഷരവും ആദരവോടെ

AYVA 2022
Honouring Light & Love

## നിയമാവലി

1. സന്നദ്ധ സാമൂഹിക സേവന രംഗത്ത് (Volunteering) ഏർപ്പെടുന്ന 13 വയസ്സ് മുതൽ 25 വയസ്സുവരെയുള്ള വിദ്യാർത്ഥികൾക്കും യുവജനങ്ങൾക്കും AYVA അവാർഡിന് അപേക്ഷിക്കാം.
2. കേരളത്തിനകത്തുള്ള High school മുതൽ Post graduation വരെയുള്ള വിദ്യാർത്ഥികൾക്കും, നിലവിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ബന്ധമില്ലാത്ത 13 മുതൽ 25 വയസു വരെയുള്ള യുവജനങ്ങൾക്കും അപേക്ഷിക്കാം.
3. 2021 ജൂൺ മുതൽ 2022 മെയ് വരെയുള്ള അദ്ധ്യയന വർഷത്തിൽ ചെയ്ത സന്നദ്ധ പ്രവർത്തനങ്ങളെയാണ് അവാർഡിന് പരിഗണിക്കുന്നത്.
4. വ്യക്തിഗത വിഭാഗത്തിൽ നിന്നും ലിംഗഭേദമെന്യേ അവാർഡിനായി തിരഞ്ഞെടുക്കുന്നു.
5. സന്നദ്ധ പ്രവർത്തനത്തിലേർപ്പെട്ട വ്യക്തി തന്നെയാകണം വ്യക്തിഗത അവാർഡുകൾക്ക് അപേക്ഷകൾ സമർപ്പിക്കേണ്ടത്.
6. അപേക്ഷകർ സ്വയമായോ അല്ലെങ്കിൽ ഒരു സംഘത്തിന്റെ ഭാഗമായോ നിർവഹിച്ച സന്നദ്ധ പ്രവർത്തനങ്ങളെയാണ് വിലയിരുത്തുന്നത്.
7. സ്ഥാപനങ്ങൾ നേരിട്ട് ചെയ്ത പ്രവർത്തനങ്ങളെയാണ് അവാർഡിന് പരിഗണിക്കുന്നത്.
8. മത – സാമുദായിക – രാഷ്ട്രീയ – സ്വകാര്യ താല്പര്യങ്ങൾക്കുവേണ്ടി നടത്തിയിട്ടുള്ള പ്രവർത്തനങ്ങളെ പരിഗണിക്കുന്നതല്ല.
9. പഠന വിഷയത്തിന്റെ ഭാഗമായി (കരിക്കുലം സംബന്ധമായ ഫീൽഡു വർക്കുകൾ പോലെ) നിർവഹിക്കുന്ന പ്രവർത്തനങ്ങളെ പരിഗണിക്കുന്നതല്ല.
10. അപേക്ഷകർ ഏർപ്പെട്ട സന്നദ്ധ പ്രവർത്തനങ്ങളുടെ സാമൂഹ്യ പ്രസക്തിയും, പ്രോജക്റ്റിന്റെ ദൈർഘ്യവും, വ്യാപ്തിയും, ഫലപ്രാപ്തിയുമൊക്കെ വിലയിരുത്തപ്പെടുന്നതാണ്.
11. അപേക്ഷകൾ google form വഴി മാത്രമാണ് സ്വീകരിക്കുന്നത്.
12. അപേക്ഷകളോടൊപ്പം തങ്ങൾ നിർവ്വഹിച്ച പ്രവർത്തനങ്ങളെ വിശദീകരിക്കുന്ന റിപ്പോർട്ടുകൾ, ഫോട്ടോകൾ, വീഡിയോകൾ തുടങ്ങിയവ ഗൂഗിൾ ഫോമിലൂടെ അപ്‌ലോഡ് ചെയ്യേണ്ടതാണ്.

13. അപേക്ഷകളോടൊപ്പം താഴെ പറയുന്ന രേഖകൾ സമർപ്പിക്കേണ്ടതാണ്.
    a. ഫോട്ടോ ഐഡന്റിറ്റി കാർഡിന്റെ പകർപ്പ്
    b. സ്കൂൾ / കോളേജ് പ്രിൻസിപ്പാൾ സാക്ഷ്യപ്പെടുത്തുന്ന കോഴ്സ് സർട്ടിഫിക്കറ്റ്
    c. മേൽവിലാസം വ്യക്തമാക്കുന്ന ആധാർ കാർഡ് പകർപ്പ്
    d. സന്നദ്ധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിച്ച പ്രസ്ഥാനങ്ങളുടെയോ, സ്ഥാപനങ്ങളുടെയോ സാക്ഷ്യപത്രം (അപേക്ഷകർ ഏർപ്പെട്ട പ്രവർത്തനങ്ങളുടെ വിശദീകരണം സാക്ഷ്യപത്രത്തിൽ ഉൾപ്പെടുത്തേണ്ടതാണ്.)
14. പ്രസ്ഥാനങ്ങളോ സ്ഥാപനങ്ങളോ വഴിയല്ലാതെ സന്നദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുള്ളവർ, തങ്ങൾ ഇടപ്പെട്ട പ്രദേശത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധികൃതരിൽ നിന്നോ, വാർഡ് മെമ്പറിൽ നിന്നോ, പോലീസ് മേധാവിയിൽ നിന്നോ, ഗസറ്റഡ് റാങ്കിലുള്ളവരിൽ നിന്നോ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.
15. മതിയായ സാക്ഷ്യപത്രങ്ങൾ ഇല്ലാത്ത അപേക്ഷകൾ പരിഗണിക്കുന്നതല്ല.
16. ഷോർട്ട് ലിസ്റ്റ് ചെയ്യപ്പെടുന്ന അപേക്ഷകരുമായി അവാർഡ് ജൂറി ഓൺലൈനായും, അവസാന ഘട്ടത്തിൽ നേരിട്ടും അഭിമുഖ സംഭാഷണം നടത്തുന്നതാണ്.
17. അഞ്ചപ്പം ട്രസ്റ്റ്, സ്റ്റാഫ് അംഗങ്ങളുടെ അടുത്ത ബന്ധുക്കളെ അവാർഡിന് പരിഗണിക്കുന്നതല്ല.
18. അപേക്ഷകൾ ഗൂഗിൾ ഫോം വഴി 2022 ഡിസംബർ മാസം 10ന് മുമ്പായി സമർപ്പിക്കേണ്ടതാണ്.
19. അവാർഡ് ജൂറിയുടെ തീരുമാനം അന്തിമമായിരിക്കും.

# അഞ്ചപ്പം

അന്നവും അക്ഷരവും ആദരവോടെ

ANJAPPAM
where everyone matters

AYVA 2022
Honouring Light & Love

# ANJAPPAM YOUNG VOLUNTEER AWARD

# AYVA 2022

## TAP / SCAN FOR GOOGLE FORM LINK

വ്യക്തിഗതം:

സ്ഥാപനം:

വിശദവിവരങ്ങൾക്ക്:
Contact: Jibin P B
80861 29920
Email:
anjappamsociety@gmail.com

Anjappam @7

youtube.Anjappam | anjappamsociety@gmail.com | www.anjappam.com | @anjappam.restaurants